"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മനിശ്ശേരി എ.യു.പി.സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ. കെ.എം.രവികുമാറും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C)No.39004/2022-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 03.03.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2913/2023/GEDN തീയതി, തിരുവനന്തപുരം, 17-05-2023

---

പരാമർശം:- 1. പാലക്കാട് മനിശ്ശേരി എ.യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർമാരായ ശ്രീ.കെ.എം.രവികുമാർ , ശ്രീമതി. അജിത പി., ശ്രീമതി. സിന്ധു കെ. എന്നിവർ സർക്കാരിൽ സമർപ്പിച്ച 27/01/2022 തീയതിയിലെ പരിശോധനാ ഹർജികൾ [Ext.P12, P12(a), P12(b)].

2. ബഹു. കേരള ഹൈക്കോടതിയുടെ 03.03.2023-ലെ W.P.(C)No.39004/2022-ന്മേലുള്ള വിധിന്യായം.

**<u>ഉത്തരവ്</u>**

പാലക്കാട് മനിശ്ശേരി എ.യു.പി.സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.കെ.എം.രവികുമാറും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C)No.39004/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 [Ext. P12, P12(a), P12(b)] പുനഃപരിശോധനാ ഹർജികൾ, ടി സ്കൂൾ മാനേജർ സ.ഉ.(അച്ചടി)നം. 10/2010/പൊവിവ തീയതി 12/01/2010 പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

**2.** റിട്ട് ഹർജിയിലെ ഒന്നാം പരാതിക്കാരനായ ശ്രീ.കെ.എം. രവികുമാർ, രണ്ടാം പരാതിക്കാരിയായ ശ്രീമതി. അജിത പി., മൂന്നാം പരാതിക്കാരിയായ ശ്രീമതി. സിന്ധു കെ. എന്നിവർ സർക്കാരിൽ സമർപ്പിച്ച

പരാമർശം 1 [Ext. P12, P12(a), P12(b)] പുനഃപരിശോധനാ ഹർജികൾ പരിശോധിച്ചതിൽ, ഒന്നാം പരാതിക്കാരനായ ശ്രീ.കെ.എം.രവികുമാർ ടി സ്കൂളിലെ അധിക തസ്തികയിൽ 15/07/2009 തീയതി മുതൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിതനായെങ്കിലും ടീച്ചേഴ്സ് പാക്കേജിന്റെ അടിസ്ഥാനത്തിൽ 01/06/2011 തീയതി മുതൽ മാത്രമാണ് ടിയാന്റെ നിയമനം അംഗീകരിച്ച് നൽകിയത്. രണ്ടാം പരാതിക്കാരിയായ ശ്രീമതി. അജിത പി.യെ ടി സ്കൂളിലെ അധിക തസ്തികയിൽ 16/07/2007 തീയതി മുതൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിച്ചെങ്കിലും ശ്രീമതി. ശാന്താദേവി പി.യുടെ വിരമിക്കൽ ഒഴിവിൽ 01/06/2010 തീയതി മുതൽ മാത്രമാണ് ടിയാളുടെ നിയമനം അംഗീകരിച്ച് നൽകിയത്. മൂന്നാം പരാതിക്കാരിയായ ശ്രീമതി. സിന്ധു കെ., ടി സ്കൂളിലെ അധിക തസ്തികയിൽ 01/06/2010 തീയതി മുതൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിതയായെങ്കിലും ടീച്ചേഴ്സ് പാക്കേജിന്റെ അടിസ്ഥാനത്തിൽ 01/06/2011 തീയതി മുതൽ മാത്രമാണ് ടിയാളുടെ നിയമനം അംഗീകരിച്ച് നൽകിയത്. ടി സ്കൂൾ മാനേജർ സ.ഉ.(അച്ചടി)നം.10/2010/പൊവിവ തീയതി 12/01/2010 പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി അദ്ധ്യാപകരുടെ നിയമനങ്ങൾ ടിയാളുകളുടെ നിയമന തീയതി മുതൽ അംഗീകരിച്ച് നൽകിയിരുന്നില്ല. അതിനാൽ ടി അദ്ധ്യാപകരുടെ നിയമനങ്ങൾ നിയമനതീയതി മുതൽ അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടാണ് പരാമർശം 1 [Ext. P12, P12(a), P12(b)] പുനഃപരിശോധനാ ഹർജികൾ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

പാലക്കാട് മനിശ്ശേരി എ.യു.പി.സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർമാരായ ശ്രീ.കെ.എം.രവികുമാർ, ശ്രീമതി.അജിത പി., ശ്രീമതി. സിന്ധു കെ. എന്നിവരുടെ നിയമനങ്ങൾ, ടി സ്കൂൾ മാനേജർ സ.ഉ.(അച്ചടി)നം.10/2010/പൊവിവ തീയതി 12/01/2010 പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി, ടി അദ്ധ്യാപകർ നിയമന തീയതി മുതൽ അംഗീകാരം ലഭിക്കുവാൻ മറ്റെല്ലാ വിധത്തിലും അർഹരാണെങ്കിൽ, ടി വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന ഹർജിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി, ടി നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിക്കുവാൻ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ടി അദ്ധ്യാപകർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 [Ext. P12, P12(a), P12(b)] പുനഃപരിശോധനാ ഹർജികൾ തീർപ്പാക്കി, അപ്രകാരം പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
മാനേജർ, എ.യു.പി. സ്കൂൾ, മനിശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.യു.പി.സ്കൂൾ, മനിശ്ശേരി, പാലക്കാട്.
ശ്രീ. കെ.എം.രവികുമാർ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.വി.എം. ഹൈസ്കൂൾ, ചുനങ്ങാട്, പാലക്കാട്.
ശ്രീമതി. അജിത പി., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.വി.എം. ഹൈസ്കൂൾ, ചുനങ്ങാട്, പാലക്കാട്.
ശ്രീമതി. സിന്ധു കെ., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.വി.എം. ഹൈസ്കൂൾ, ചുനങ്ങാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 20-05-2023 12:08:05
സെക്ഷൻ ഓഫീസർ